# TSGVHSS PAYYOLI



## *DIGITAL MAGAZINE*

## *2023-24*

### LITTLE KITES

റവന്യൂ ജില്ല : കോഴിക്കോട്

വിദ്യാഭ്യാസജില്ല : വടകര

ഉപജില്ല : മേലടി

പ്രധാന അദ്ധ്യാപകൻ : മൂസക്കോയ. എൻ.എം.

പി ടി എ പ്രസിഡന്റ് : സബീഷ് കുന്നങ്ങോത്ത്

# ഉള്ളടക്കം


| | | |
|---|---|---|
| ചരിത്രവഴികൾ | - | 3 |
| കവിത (സ്നേഹിതയാമവൾ) | - | 5 |
| ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് | - | 7 |
| കവിത (കടൽ) | - | 9 |
| ചിത്രരചന | - | 10 |
| കഥ (കറുത്തവന്റെ ദുഃഖം ) | - | 11 |
| ഭൂമിക്കും പറയാനുണ്ട് (ലേഖനം) | - | 12 |

# ചരിത്ര വഴികൾ



ഒരു പ്രദേശത്തിന്റെ സാംസ് ക്കാരിക
വളർച്ചയ്ക്ക് താങ്ങും തണലുമേകുന്നത്
വിദ്യാലയങ്ങളാണ്. അവ
പ്രദേശത്തിന്റെ വിളക്കുമരമായി
നിലകൊള്ളുന്നു. ഒട്ടനവധി
പ്രതിഭകൾക്ക് ദിശാബോധം നൽകി
തല ഉയർത്തി നിൽക്കുന്ന
വിദ്യാലയങ്ങൾക്ക് ഒരു മാതൃഭാവമുണ്ട്.
അമ്മയുടെ വാത്സല്യവും
പരിഗണനയുമുണ്ട്. അത്
അന്തരീക്ഷത്തിൽ തുടിച്ചു
നിൽക്കുന്നത് കൊണ്ടാണ്
ഗൃഹാതുരത്വത്തോടെ നാം
വിദ്യാലയത്തെ നോക്കി കാണുന്നത്.
അടർത്തി മാറ്റാനാവാതെ എന്തോ ഒന്ന്
നമ്മെ മാതൃ വിദ്യാലയവുമായി
ചേർത്തു നിർത്തും. കോഴിക്കോട് ജില്ല
യിലെ സാംസ്കാരികമായി
വളരെയധികം ഉയർന്നു നിൽക്കുന്ന
തിക്കോടി, പയ്യോളി പ്രദേശങ്ങളിലെ
ജനങ്ങൾക്ക് ദിശാ വെളിച്ചം പകർന്നു
കൊണ്ടിരിക്കുന്ന കലാലയമാണ്
ടി.എസ്.ജി.വി.എച്ച്. എസ്.എസ്.
പയ്യോളി. അറുപത് വർഷമായി ഈ
പ്രദേശത്തെ ജനതയെ മുഴുവൻ
അക്ഷര വെളിച്ചത്തിലേയ്ക്ക്
നയിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയം
ഇന്ന് മികവിന്റെ പാതയിലാണ്.
പൊതുവിദ്യാഭ്യാസസംരക്ഷണ
യജ്ഞത്തിന്റെഭാഗമായി,ജനപങ്കാളിത്ത
ത്തോടെഅന്താരാഷ്ട്രനിലവാരത്തിലേ
ക്ക് കുതിച്ചുകൊണ്ടിരിക്കുകയാണ്
നമ്മുടെ വിദ്യാലയം.

1957 ജൂണിലാണ് ഗവ. സെക്കൻഡറി
സ്കൂൾ പയ്യോളി പ്രവർത്തിച്ചു
തുടങ്ങിയത്, അതുവരെ പയ്യോളി
യിലും പരിസര പ്രദേശങ്ങളിലും
ഉള്ളവർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസ
ത്തിന് വടകര ബി.ഇ.എം.കൊയിലാണ്ടി
ബോർഡ് സ്ക്കൂൾ, എലത്തൂർ സി.എം.
സി.സ്കൂൾ എന്നീ സ്ഥാപനങ്ങളായി
രുന്നു ആശ്രയം. ഈ സാഹചര്യത്തി
ലാണ് സ്കൂൾ സ്ഥാപിക്കാൻ കെ.
അമ്പാടി നമ്പ്യാർ (പ്രസിഡണ്ട്) കെ.
ഗോപാലകുറുപ്പ് (വൈസ് പ്രസിഡണ്ട്),
വി.വിസുബ്രഹ്മണ്യ അയ്യർ (സെക്രട്ടറി),
പി. കുഞ്ഞബ്ദുള്ള (ജോയിൻ്റ് സെക്ര
ട്ടറി),എൻപി കൃഷ്ണമൂർത്തി (ട്രഷറർ).
കെ കുഞ്ഞനന്തൻ നായർ (മെമ്പർ)
അംഗങ്ങളായി തൃക്കോട്ടൂർ എജ്യൂക്കേ
ഷൻ സൊസൈറ്റി രൂപം കൊള്ളുന്ന
ത്.സൊസൈറ്റിയുടെ പ്രവർത്തന ഫല
മായി ഗവ.സെക്കൻഡറി സ്കൂൾ
പയ്യോളിസ്ഥാപിക്കപ്പെട്ടു.
കുമാരമേനോൻ ആയിരുന്നു ആദ്യത്തെ
ഹെഡ്മാസ്റ്റർ.കെ അമ്പാടിയുടെ മകൾ
കെ.കമലാക്ഷിയാണ് ആദ്യ വിദ്യാർത്ഥി.



സ്കൂൾ ഡിസ്ട്രിക്ക് ബോർഡ് ഏറ്റെടുത്ത ശേഷമുള്ള ആദ്യ കാലപുരോഗമനങ്ങളുടെ മുഖ്യശില്പി കുമാരമേനോനായിരുന്നു. പ്രഭാകരൻ തമ്പി, പ്രശസ്ത കവി വി.ടി. കുമാരൻ, കായിക അധ്യാപ കനായിരുന്ന പി.കെ ദാമോദരൻ നായർ, കേരള സംഗീതനാടകഅക്കാദമി അവാർഡ് നേടിയ പി.കെ രാഘവൻ ,പബ്ലിക്ക് സർവ്വീസ് കമ്മീഷനിൽ അംഗമായിരുന്ന പ്രൊഫ: കെ.പി.വാസു അവാർഡ് നേടിയ പി.ബാലൻ, കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ സംസ്ഥാന സെക്രട്ടറിയായിരുന്ന കൊടക്കാട് ശ്രീധരൻമാസ്റ്റർ, കഥാകൃത്ത് മണിയൂർ ഇ.ബാലൻ, കേരള സാഹിത്യ അക്കാദമി സെക്രട്ടറിയായിരുന്ന എം.കുട്ടികൃഷ്ണൻ എന്നിവർ ഇവിടെ അധ്യാപകരായിരുന്നു.

ഈയിടെ അന്തരിച്ച പ്രശസ്ത കാർഡിയോളജിസ്റ്റ്, ഡോ.വി.കെ വിജയൻ, കാർട്ടൂണിസ്റ്റുകളായ ബി.എം ഗഫൂർ, ഇ. സുരേഷ്, കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ ആയിരുന്ന. യു.കെ. കുമാരൻ, കഥാകൃത്ത് വി.ആർ സുധീഷ്, ഒളിമ്പ്യൻ പി.ടി. ഉഷ എന്നിവർ  സംഭാവനകളാണ്. കെ.ഭരതൻ പ്രധാന അധ്യാപകനായിരുന്നപ്പോഴാണ് സ്കൂൾ ഗ്രൗണ്ടിന ചുറ്റുമതിൽ നിർമ്മിച്ചത്. വിദ്യാർഥികൾക്കുള്ള കുടിവെള്ള പദ്ധതി നടപ്പാക്കിയതും അദ്ദേഹമാണ്. നല്ലൊരു കർഷകൻ കൂടിയായിരുന്ന ഹെഡ്മാസ്റ്റർ ടി. ഒ. ജോസഫ് ഗ്രൗണ്ടിന്റെ കിഴക്കു ഭാഗത്ത് തെങ്ങു കൃഷി നടത്താൻ നേതൃത്വം കൊടുത്തു. ഇന്നു കാണുന്ന വിശാലമായ തെങ്ങിൻ തോട്ടം ആ പ്രൊജക്റ്റിന്റെ ഫലമാണ്. ഹെഡ്മാസ്റ്റർ ത്രിവിക്രമവാര്യർ ജനപങ്കാളിത്തത്തോ ടെ നല്ലൊരു ബാസ്കറ്റ് കോർട്ട് നിർമ്മിച്ചു. വി.കെ മൊയ്തു ഹാജി, സ്കൂൾ ഓഡിറ്റോറിയം നിർമ്മാണ സമിതിയുടെ കൺവീനർ ആയിരുന്നു. മേലടി ബ്ലോക്കിന്റെ സഹായത്തോടെ യും, ജനപങ്കാളിത്തത്തോടെയും ഓഡിറ്റോറിയം നിർമ്മാണം പൂർത്തി യാക്കിയത് പി. എൻ ജാനകി ഹെഡ്മി സ്ട്രസ്സ് ആയിരുന്നപ്പോഴാണ്. നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു കോ- ഓപ്പറേറ്റീവ് സ്റ്റോർ ഇവിടെയുണ്ട്. ഭാരത് സകൗട്ട് ആന്റ് ഗൈഡ്സിന്റെ ഡിസ്ട്രിക്ട് ക്വാട്ടേഴ്സ് പയ്യോളി ഹൈസ്കൂളിലാണ്.

2 എം എൽ റ്റി ബാച്ചും, ഒരു എം.ഒ.ബി ബാച്ചും ഉള്ള വി.എച്ച്.എസ്,ഇയിൽ 145 കുട്ടികളും 13 സ്റ്റാഫംഗങ്ങ ളുമാണുള്ളത്.വി.എച്ച്.എസ്.ഇവർക്ക് ഷെഡ് നിർമ്മിച്ചത് 2002 ൽ ആണ്. സയൻസ്, കോമേഴ്സ്, ഹ്യുമാ നിറ്റീസ് എന്നീ 3 ബാച്ചുകളിലായി ഹയർ സെക്കണ്ടറി ആരംഭിക്കുന്ന ത് 98-99 അധ്യായന വർഷത്തിലാണ്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വിദ്യാർഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്ന വിദ്യാലയങ്ങളിലൊന്നാണിത്. കലാമേളയിലും, ശാസ്ത്ര , സാമൂഹിക ശാസ്ത്ര, ഗണിത ശാസ്ത്ര  പ്രവൃത്തി പരിചയ ഐ.ടി മേളയിലും കായികമേളയിലും ഈ സ്ഥാപനത്തി ലെ വിദ്യാർഥികൾ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നു.

ജില്ലാ സംസ്ഥാന തല മത്സര ങ്ങളിൽ വിദ്യാർഥികൾ അവരുടെ കഴിവ് തെളിയിച്ച് എക്കാലത്തും മുന്നേറാറുണ്ട്. സ്കൂൾ ആരംഭിച്ചതു മുതൽ ഭൗതിക സാഹചര്യങ്ങൾ വർധിപ്പിക്കുന്നതിലും അക്കാദമിക കാര്യങ്ങളിൽ പ്രോൽസാഹനം നൽ കുന്നതിലും പി.ടി.എ മാതൃകാപരമായ |പ്രവർത്തനങ്ങളാണ്



കാഴ്ചവെയ്ക്കുകുന്നത്. സ്കൂളിന്റെ മുൻവശത്ത് സ്ഥിതി ചെയ്യുന്ന പഴയ ലൈബ്രറി കെട്ടിടം പയ്യോളി കോ-ഓപ്പറേറ്റീവ് അർബ്ബൻ ബാങ്ക് നിർമ്മിച്ചു നൽകിയതായിരുന്നു.വർഷങ്ങൾക്കു മുമ്പ് നിർമ്മാണമാ രംഭിച്ച സ്കൂൾ സ്റ്റേഡിയം പൂർത്തി യാവാതെ കിടക്കുന്നു. കോഴിക്കോട്-മംഗലാപുരം റോഡിനു കിഴക്കു വശ ത്ത് പയ്യോളി റെയിൽവേ സ്റ്റേഷനും 2 കി.മീ തെക്കുഭാഗത്ത് സ്ഥിതി ചെയ്യു ഭ ന്ന ജി.വി.എച്ച്.എസ്.എസ് പയ്യോളി 1957 മുതൽ സ്കൂൾ വിദ്യാഭ്യാസത്തിന് നെ പയ്യോളിയിലും പരിസരങ്ങളിലുമുള്ളവരുടെ ആശ്വാസ കേന്ദ്രമാണ്. ഭൗതിക സാഹചര്യങ്ങളുടെ അപര്യപ്തതയും, 60 വിദ്യായത്തിന്റെ സാമൂഹ്യ സാമ്പത്തി സാഹചര്യങ്ങളും പുരോഗതിയ്ക്ക് പലപ്പോഴും തടസ്സമായി നിൽക്കാറു ണ്ട്. ഏതർത്ഥത്തിലും പ്രത്യേക പരിഗണന നൽകേണ്ടുന്നവരാണ് ഇവിടു ത്തെ ഭൂരിഭാഗം വിദ്യാർത്ഥികളും .







# കവിത

## സ്നേഹിതയാമവൾ

നീയായിരുന്നെന്നിലൊരു നാൾ
വർണ്ണം വിതച്ചതും
സ്വപ്നം വിതച്ചതും
ആശയാൽ വീരിഞ്ഞതും
മന്ദാരമായ് പൂത്തുലഞ്ഞതും
എന്തിനു ചെയ്തു നീ ...

നീയായിരുന്നെങ്കിൽ
നിലാവായ് രാത്രിയെപുണർന്നതും
സൂര്യനായ് ജ്വലിച്ചതും
കൂട്ടുകാരിയായ് തോളോട് ചേർന്നതും
വിരലുകൾ രചിച്ചിടും വരികളായി
ഭൂമിയിൽ സാക്ഷിയായതും ....

ഒടുവിൽ നീ തന്നെ സഖി !
ആവഗണനയാം കഠാര കൊണ്ടെൻ
നെഞ്ചിൻ അകത്തളങ്ങളിൽ തറപ്പിച്ചതും

ഫാത്തിമ മിലാഷ 10 I

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

വിവരസാങ്കേതിക വിദ്യയുടെ അനന്തമായ ലോകത്തേയ്ക്ക് പറന്നുയരാൻ മിടുക്കരായ വിദ്യാർഥികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ച് നടപ്പാ ക്കുന്ന പ്രത്യേക പദ്ധതിയാണ് ലിറ്റിൽകൈറ്റ്സ് ഐടി ക്ലബ്ബ്. എട്ടാം ക്ലാസിൽ പ്രവേശനം നേടിയ വിദ്യാർഥികൾക്കായി നടത്തുന്ന സോഫ്റ്റ്‌വെയർ അധിഷ്ഠിത അഭിരുചി പരീക്ഷയിലൂടെയാണ് ഓരോ വർഷവും **40** അംഗങ്ങളെ വീതം ഈ ക്ലബ്ബിലേക്ക് തിരഞ്ഞെടുക്കുന്നത്. ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബിന്റെ 5,6,7 യൂണിറ്റുകളാണ് ഇപ്പോൾ സ്കൂളിൽ പ്രവർത്തിക്കുന്നത്. ആനിമേഷൻ, പ്രോഗ്രാമിംഗ്, റോബോട്ടിക്, മലയാളം കംപ്യൂട്ടിംഗ് തുടങ്ങി ഐടിയുടെ വിവിധ മേഖലകളിൽ വിദഗ്ദ പരിശീലനമാണ് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ലഭിക്കുന്നത്. അംഗങ്ങളുടെ പ്രവർത്തന മികവിന്റെ അടിസ്ഥാ നത്തിൽ അവർക്ക് എ,ബി,സി സർട്ടിഫിക്കറ്റ് ലഭിക്കുന്നു.എസ്.എസ്.എൽ.സി പരീക്ഷയിൽ ഗ്രേസ് മാർക്കും പ്ലസ് വൺ പ്രവേശനത്തിൽ പ്രത്യേക പരിഗണനയും ലഭിക്കുന്നതിനാൽ വിദ്യാർഥികൾക്ക് ഏറെ ആകർഷണീയമായ ഒന്നായി മാറിയിരിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് ഐടി ക്ലബ്ബ്. സ്കൂൾതല ക്യാമ്പിൽ വെച്ച് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് ഉപജില്ല, ജില്ലാസംസ്ഥാന ക്യാമ്പുകളിൽ പങ്കെടുക്കാ നുള്ള അപൂർവ്വമായ അവസരം ലഭിക്കുന്നു. സ്കൂൾ, ജില്ല, ഉപജില്ല, ജില്ല സംസ്ഥാന കലോൽസവ മത്സരങ്ങളിൽ ഫോട്ടോ വീഡിയോഗ്രാഫി പ്രവർത്തികൾ ചെയ്യാനുള്ള അവസരവും അംഗങ്ങൾക്ക് ലഭിക്കുന്നു. മലയാളം, ഇംഗ്ലീഷ് ഭാഷകളിലുള്ള വീഡിയോ വാർത്താ ബുള്ളറ്റിൻ ഉൾപ്പെടെ സ്കൂൾത ലത്തിൽ നിരവധി പ്രവർത്തനങ്ങൾ ലിറ്റിൽ കൈറ്റ്സ് ചെയ്തുകൊണ്ടിരിക്കുന്നു




LK6



LK7

# കടൽ

കാഴ്ചക്കു കടൽ വെറും ജലമായിരിക്കാം
തോണികൾ ഒഴുകുന്ന വഴിയായിരിക്കാം
ഇരമ്പുന്നതു വെറും തിരയായിരിക്കാം
സൂര്യനെ പുൽകുന്ന നിനവായിരിക്കാം
അതിനപ്പുറം കടൽ ജീവിതമാകുന്നു
മാനവരെ എന്റെയും നിന്റെയും
ആകാശ വീഥികൾ ആശകളാകുന്നു
ഉയരങ്ങളോ നിരാശയുമാകുന്നു
ഉഷസ്സുകൾ സ്വപ്നങ്ങളാകുന്ന വേളയിൽ
രജനികൾ ദുസ്സ്വപ്നങ്ങളാകുന്നു
നിത്യവും വന്നു പുൽകുന്ന സൂര്യനോ
ഉറ്റ ചങ്ങാതിയാകയും ചെയ്യുന്നു
ആഴങ്ങൾ ഹൃത്തിന്റെ സങ്കടമാവുന്നു
തിരകൾ മനസ്സിന്റെ കണ്ണുനീരും
സൂര്യൻ പ്രതീക്ഷ തൻ നാമ്പുമാകുന്നു
തോണികൾ സന്താപവാഹിനിയും
തോണികൾ ഒഴുകുന്ന വഴി വെറും വഴിയല്ല
തായേ നീ താണ്ടുന്ന കനൽ വ ഴിയാവുന്നു
ഈ ജലം പലതുള്ളി ജലമല്ലാതാകുന്നു
താതാ നീയുരുകിയലിഞ്ഞ ജലമാകുന്നു
കാഴ്ചക്ക് കടൽ വെറും ജലമായിരിക്കാം
സൂര്യനെ പുൽകുന്ന കനവായിരിക്കാം ...

ആദിയലക്ഷ്മി 8 I

# ചിത്രരചന




**നാദിയ സക്കീർ 8L**

# കറുത്തവന്റെ ദുഃഖം

അല്ലെങ്കിലും നിറത്തിലെന്തിരിക്കുന്നു

മകളുടെ ചോദ്യത്തിന മുൻപിൽ അച്ഛൻ നിറകണ്ണുകളോടെ നിന്നു.

കുഞ്ഞു നാളുമുതൽ നിറത്തിന്റെ പേരിൽ എല്ലാവരും എന്നെ

കളിയാക്കുമായിരുന്നു.ഒരു നല്ല വസ്ത്രം പോലും ഇടാൻ എനിക്ക്

സാധിക്കില്ലായിരുന്നു.കാരണം അവയൊന്നും എന്റെ നിറത്തിന ചേരില്ലായിരുന്നു.

എന്റെ കൂടെപ്പിറപ്പുകൾ എല്ലാം വെളുത്തിട്ടായിരുന്നു.ഞങ്ങളൊരുമിച്ചു പുറത്തേക്കു

പോകുമ്പോൾ എന്നെ മാത്രം ഒരു ഭംഗിയുമില്ലായിരുന്നു.

കാലം കൊഴിഞ്ഞുപോയി.ഞാൻ വിവാഹിതനായി എനിക്ക് ഭംഗിയുള്ള ഭാര്യയേയും

മക്കളെയും ദൈവം തന്നു.അന്നൊക്കെ നിറത്തിന്റെ പേരിലായിരുന്നു എന്നെ

അവഗണിക്കാറുണ്ടായിരുന്നത്.പക്ഷെ ഇപ്പോൾ എന്നെ വെറുപ്പും

വിദ്വേഷത്തോടുമാണ് നോക്കുന്നത്.ഒരു സാമ്പത്തികഭദ്രത വന്നപ്പോഴേക്കും

അവഗണനയും കുറ്റപ്പെടുത്തലുകളും കുത്തുവാക്കുകളും മാത്രം.

എന്താ രാവിലെ അച്ഛനും മോളും തമ്മിലൊരു ചർച്ച ?

വാസുവേട്ടനാണ് .

ഒന്നുമില്ല വാസുവേട്ടാ .വാസുവേട്ടനെങ്ങോട്ടാ രാവിലെ തന്നെ ?

നീയറിഞ്ഞില്ലേ  നിന്റെ പെങ്ങൾ വനജേടെ കുട്ടി ആശുപത്രിയിലാണ്.

വാസുവേട്ടൻ പറഞ്ഞു.

എന്റെ നെഞ്ച് പിടഞ്ഞു.എത്ര തന്നെ അവഗണിച്ചാലും എന്റെ പെങ്ങൾ ....

ഞാനും വര്ണ്  വാസുവേട്ടാ ...

ഉമ്മറപ്പടികൾ ഇറങ്ങിപ്പോകുന്ന അച്ഛനെ നിർന്നിമേഷയായി മകൾ നോക്കിനിന്നു.

മീവൽ 10E

# ഭൂമിക്കും പറയാനുണ്ട്

പ്രകൃതി മനുഷ്യരാശിയുടെ സുപ്രധാനവും അവിഭാജ്യഘടകവുമാണ്.മനുഷ്യജീവിതത്തിനുള്ള ഏറ്റവും വലിയ അനുഗ്രഹങ്ങളിലൊന്നാണിത്.എന്നിരുന്നാലും ഇക്കാലത്തു മനുഷ്യർ അതിനെ ഒന്നായി തിരിച്ചറിയുന്നതിൽ പരാജയപ്പെടുന്നു.പ്രാചീന കവിത്രയത്തിലെ ആശാൻ മുതൽ ആധുനിക കവിത്രയത്തിലെ എഴുത്തച്ഛൻ കൃതികളിൽ വരെ പ്രകൃതിയുടെ ഒരു നൂതനാംശം  കാണാൻ നമുക്ക് സാധിക്കുന്നു. ആ രചനകൾ വായിക്കുമ്പോൾ പ്രകൃതിയിലെ എല്ലാ സമ്പത്തുകളിലൂടെയും നമ്മൾ കടന്നു പോകുന്നു .

നമ്മൾ കുടിക്കുന്ന വെള്ളം,ശ്വസിക്കുന്ന വായു,നമ്മൾ കാണുന്ന പക്ഷിമൃഗാദികൾ ,വെള്ളിത്തളിക പോലെ ദൃശ്യമാകുന്ന ചന്ദ്രൻ എല്ലാം പ്രകൃതിയുടെ ഭാഗമാണ് .അനാദിയായ പ്രകൃതിയാണ് മനുഷ്യവംശത്തിനു ജന്മം നൽകി അതിനെ പരിപാലിക്കുന്നത് .ഒരു അമ്മ കുഞ്ഞിനെ സംരക്ഷിക്കുന്നത് പോലെ.പക്ഷെ നാം തിരി ച്ചുകൊടുക്കുന്നത്?നാം പ്രകൃതിയോട് ചെയ്യുന്നത് ദാക്ഷിണ്യം ഇല്ലാത്തപ്രവർത്തനങ്ങൾ അല്ലെ?വികസനത്തിന്റെ പേരിൽ റോഡരുകിൽ വളരുന്ന സർവ്വ മരങ്ങളും ചെടികളും വെട്ടി മാറ്റി വലിയ വാഹനങ്ങൾ കൊണ്ടുവന്നു ധൂളി നിറഞ്ഞ പ്രദേശമാക്കി.പ്രകൃതിദുരന്തങ്ങളെതരണം ചെയ്യാനും തണലേകാനും വായു നൽകാനും കഴിവുള്ള മരങ്ങൾ നിഷ്കരുണം വെട്ടി നീക്കുന്നു .പ്രകൃതിക്കു നമ്മെ സംരക്ഷിക്കുവാനുള്ള കഴിവുണ്ടെങ്കിൽ അത് മുഴുവൻ മനുഷ്യരാശിയെ നശിപ്പിക്കാനും ശക്തമാണ്.

പ്രകൃതിക്കെതിരായ ഓരോ പ്രവൃത്തി ചെയ്യുമ്പോഴും നമ്മുടെ ഭാവി തലമുറയ്ക്ക് കൂടി വസിക്കേണ്ട ഇടമാണെന്നു ഓർക്കുന്നത് നല്ലതാണ്.ദുഷിതമല്ലാത്ത പ്രകൃതിയില്ലാതെ മനുഷ്യരാശിയുടെ അതിജീവനം അസാധ്യമാണ്.അത് മനുഷ്യർ മനസ്സിലാക്കേണ്ടതുണ്ട് .അതനുസരിച്ചു നാം പ്രവർത്തിക്കേണ്ടതുണ്ട് .ഇത് ഭൂമിയിലെ ജീവന്റെ നിലനിൽപിന് അനിവാര്യമാണ് .നമുക്ക് ഈയൊരു ചിന്തയോടെ മുന്നേറാം..

ശിവദ.9L